ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒഴിവുകൾ

29 (1104) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകളാണ് ഉള്ളത് എന്ന് വിഷയം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2010-ന് ശേഷം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര ജൂനിയർ, സീനിയർ ഹിന്ദി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് എന്നും നിലവിൽ എത്ര ഹിന്ദി അദ്ധ്യാപകരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.

(ബി) 2010-നുശേഷം എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഹിന്ദി തസ്തികയിൽ 99 അദ്ധ്യാപകരേയും എച്ച്.എസ്.എസ്.റ്റി. (സീനിയർ) ഹിന്ദി തസ്തികയിൽ 14 അദ്ധ്യാപകരേയും നിയമിച്ചിട്ടുണ്ട്. കൂടാതെ 124 എച്ച്.എസ്.എസ്.റ്റി. ഹിന്ദി (ജൂനിയർ) തസ്തികയിലേക്കുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് നിയമനം

30 (1105) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ എച്ച്.എസ്.എ.-മാരിൽ എത്ര പേർക്ക് എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ആയി പ്രൊമോഷൻ ലഭിക്കാൻ അർഹതയുണ്ടെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ആയതിനായി മാറ്റിവച്ചിട്ടുണ്ട്;

(സി) അവരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുമോ;

(ഡി) കൊമേഴ്സ് അദ്ധ്യാപകരുടെ അഭാവത്താൽ കേരളത്തിലുടനീളം സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകർ ക്ലാസ്സെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ അതിൽ നിന്നും നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly